| | |
|---|---|
| നടത്തറ ഗ്രാമപഞ്ചായത്ത് | 468 |
| പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | 816 |
| പുത്തൂർ ഗ്രാമപഞ്ചായത്ത് | 844 |
| തൃശ്ശൂർ കോർപ്പറേഷൻ | 490 |
| ആകെ | 3046 |

**തൊഴിൽ നിയമ പരിഷ്കരണം**

216 (2003) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയത്; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഇത് നടപ്പിലാക്കുന്നതിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമ പരിഷ്കരണ സമിതി രൂപീകരിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (s) ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (s)-ലെ "വർക്ക്മാൻ" എന്ന നിർവ്വചനത്തിൽ ഭേദഗതി വരുത്തുക വഴി "സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെ" തൊഴിൽ വ്യവസായ തർക്ക നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക, പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുകൂടി ടി നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

(സി) 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങളിൽ ക്രഷ്, വിശ്രമവേളയിൽ ഇരിക്കാനുള്ള സൗകര്യം, തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം, തൊഴിലാളികൾക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉടങ്ങിയവ ഉൾപ്പെടുത്തിയ ജി.ഒ.(പി) നമ്പർ 134/2015/തൊഴിൽ തീയതി 16-9-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ വേതന സുരക്ഷാ പദ്ധതിക്ക് നിയമസാധുത നൽകി ജി.ഒ.(പി) നമ്പർ 84/2015/തൊഴിൽ തീയതി 8-7-2015 പ്രകാരം സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ പ്രകാരം ടി മേഖലയിലെ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ഭേദഗതി ഉത്തരവും (എസ്.ആർ.ഒ.നമ്പർ 167/2016 തീയതി 4-2-2016) ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ആക്ട്, 1946 പ്രകാരമുള്ള സർട്ടിഫയിംഗ് ഓഫീസർമാരെ നിയമിച്ചുകൊണ്ടും (എസ്.ആർ.ഒ. നമ്പർ 326/2016 തീയതി 7-4-2016) ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ടും) 1958, കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കായി ഒരു ഭേദഗതി കരടും സംസ്ഥാനത്തെ തൊഴിൽ മേഖലകളിലും നിയമംമൂലം യാതൊരു വേതന നിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത സർവ്വവിധ തൊഴിലാളികൾക്കും ജീവനക്കാർക്കും അടിസ്ഥാന നിരക്കിൽ ഒരു കേവല വേതനം അവകാശമാക്കുന്നതിനും അനുബന്ധ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ലക്ഷ്യമാക്കി ഒരു ബില്ലും സർക്കാരിന്റെ പരിഗണനയിലാണ്.

**ഇതരസംസ്ഥാന തൊഴിലാളികൾ**

217 (2004) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പതുലക്ഷത്തോളം മറുനാടൻ തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവരുടെ കൃത്യമായ വിവരശേഖരണത്തിന് സർക്കാരിന്റെ മുന്നിലുള്ള കടമ്പകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൃത്യമായ കണക്കെടുപ്പ് തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ 2013-ൽ സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗവും അസംഘടിത